
₹ 15

പുസ്തകം - I
ലക്കം - 3
2019 മാർച്ച്

# ജ്ഞാനദീപം

കുട്ടികളുടെ ത്രൈമാസിക





# ക്ഷമയുടെ ശക്തി

ഒരിക്കൽ യേശുക്രിസ്തുവിനോട് ശിഷ്യനായ പത്രോസ് ചോദിച്ചു: "പ്രഭോ! എന്റെ സഹോദരൻ എന്നോട് പാപം ചെയ്യുമ്പോൾ ഞാൻ എത്ര പ്രാവശ്യം ക്ഷമിക്കണം. ഏഴു പ്രാവശ്യം മതിയോ?" അപ്പോൾ യേശുക്രിസ്തു ഒരു ചെറുപുഞ്ചിരിയോടെ പറഞ്ഞു: "പത്രോസേ! ഞാൻ നിന്നോട് പറയുന്നു; ഏഴല്ല, എഴുപതു പ്രാവശ്യം നീ ക്ഷമിക്കണം." ക്ഷമ അശക്തന് ബലവും ശക്തന് ഭൂഷണവുമാണ്. ഈ പ്രപഞ്ചത്തിലെ ഏത് ശക്തിയേയും ക്ഷമാശക്തി കീഴ്പ്പെടുത്തുന്നു.

ക്ഷമാശക്തിക്ക് നേടിയെടുക്കുവാൻ ആകാത്തതായി ഈ ലോകത്തിൽ ഒന്നുമില്ല. കയ്യിൽ ക്ഷമാശീലത്തിന്റെ പരിച ഉയർത്തിപ്പിടിച്ചിട്ടുള്ള വ്യക്തിയോട്, ഒരു ദുഷ്ട സ്വഭാവക്കാരനുപോലും ഒന്നും ചെയ്യാനാകില്ല.

നമ്മുടെ ഒരു പ്രവൃത്തികൊണ്ട് മറ്റൊരാളിന് മാനസിക ദുഃഖം ഉണ്ടായാൽ 'ക്ഷമിക്കണം' എന്നു പറയുക. നമുക്ക് മാനസികക്ഷതം ഉണ്ടാക്കിയ വ്യക്തിയോട് ഉപാധികളില്ലാതെ ക്ഷമിക്കുക. ശാന്തിക്കും സമാധാനത്തിനും ഇതേ ഒരു മാർഗ്ഗമുള്ളു.

# ജ്ഞാനദീപം

കുട്ടികളുടെ ത്രൈമാസിക

- പുസ്തകം - I
- ലക്കം - 3
- 2019 മാർച്ച്

നവജീവൻ പ്രൊവിൻഷ്യൽ ആശ്രമം
നാലാഞ്ചിറ പി.ഒ, തിരുവനന്തപുരം - 695 015
ഫോൺ - 9497889876



രക്ഷാധികാരി
ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി

ചീഫ് എഡിറ്റർ
ഫാ. ഗീവർഗീസ് തിരുവാലിൽ ഒ.ഐ.സി

എഡിറ്റർ ഇൻ ചാർജ്ജ്
ഉണ്ണി അമ്മയമ്പലം.

പബ്ലിഷർ
ഫാ. ജേക്കബ് ദയാനന്ദ് ഒ.ഐ.സി

സർക്കുലേഷൻ മാനേജർ
ഫാ. തോമസ് ജോർജ്ജ് ഒ.ഐ.സി

നിർദ്ദേശക സമിതി
ഫാ. ഐസക് പാറയ്ക്കൽ ഒ.ഐ.സി
ഫാ. ഡൊമനിക് സാവിയോ ഒ.ഐ.സി
ഫാ. തോമസ് സിജോ ഒ.ഐ.സി
ഫാ. ഡാനിയൽ ജീവൻ ഒ.ഐ.സി

പത്രാധിപസമിതി
ഫാ. ജയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി
ഫാ. തോമസ് റെജി ഒ.ഐ.സി
ഫാ. മാത്യു മണലുവിള ഒ.ഐ.സി

വര
ആർട്ടിസ്റ്റ് ദേവസി മൂക്കന്നൂർ
ആർട്ടിസ്റ്റ് സി.എൻ രാജു വടുതല


ഡിസൈൻ & പ്രിന്റിംഗ്
ഓറഞ്ച് പ്രിന്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്
ഫോൺ - 0471 4010905 / 906



Bethany Navajeevan Provincial Ashram,
Nalanchira P.O, Thiruvananthapuram – 695015
+91 9188 020 081
bnprovincialsuperior@gmail.com
www.facebook.com/nava.jeevan.7524


**മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിനും സഹായിക്കുന്നതിനും ഈ ആയുസ്സിൽ നമുക്കു കിട്ടുന്ന അവസരങ്ങളെ ഉപയോഗിക്കുക.**

**– ദൈവദാസൻ മാർ ഈവാനിയോസ്**



ജീവിത വിജയത്തിന്റെ ആണിക്കല്ലും മൂലക്കല്ലുമാണ് ഏകാഗ്രത. മനസ്സ് ഒരേസമയം വിവിധ കാര്യങ്ങളിൽ ഓടി നടക്കുന്നവന് ഏകാഗ്രത കിട്ടുമോ. ഇല്ല. ഏകാഗ്രത ഇല്ലാതെ വന്നാൽ ചെയ്യുന്ന കാര്യങ്ങളൊന്നും ഫലമണിയില്ല.

മികച്ച ഏതൊരു വിജയത്തിനു പിന്നിലും ഏകാഗ്രതയെന്ന ദിവ്യശക്തിയുടെ പ്രവർത്തനമുണ്ടാകും.

*Has he attained seventh degree of concentration?*

*- G. Bernard Shaw*

ഏകാഗ്രതയുള്ളവന്റെ ബുദ്ധി വർദ്ധിക്കുന്നു. എപ്പോഴും സംസാരിക്കുന്നവന്റെ തെറ്റുകളും വർദ്ധിക്കുന്നു.

–ഇറ്റാലിയൻ പഴമൊഴി



പ്രിയ കൂട്ടുകാരെ,

പരീക്ഷയുടെ തിരക്കുകളിൽ ആയിരിക്കുമല്ലോ നിങ്ങൾ. എല്ലാ കൂട്ടുകാർക്കും ഉന്നത വിജയം ആശംസിക്കുന്നു. നമ്മുടെ കൂടെയുള്ളവരെ ബഹുമാനിക്കുകയും നല്ല മാർഗ്ഗത്തിൽ ചരിക്കുകയും അന്യോന്യം സഹായിക്കുകയും ചെയ്യുമ്പോഴാണ് യഥാർത്ഥ ജീവിത വീജയം സാധ്യമാകുന്നത്. പഠിക്കുന്ന കാര്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുക എന്നതാണ് പഠനം കൊണ്ട് ഉദ്ദേശിക്കുന്നത്. എല്ലാ വ്യക്തികളും ജനനം മുതൽ മരണം വരെ വിദ്യാർത്ഥികളാണ്. കാരണം തന്റെ ജീവിതാനുഭവത്തിലൂടെ പഠിക്കുന്ന കാര്യങ്ങൾ ജീവിത വിജയത്തിനായി ഓരോ ദിവസവും പ്രാവർത്തികമാക്കുന്നു. നമ്മുടെ പരീക്ഷകളെയും നമ്മുടെ ജീവിത വിജയത്തിനായി മാറ്റം. ജ്ഞാനദീപം കഴിഞ്ഞ ലക്കത്തിന് ഒരുപാട് കൂട്ടുകാർ കത്തുകളിലൂടെ മറുപടി തന്നു. കത്തുകളയച്ച എല്ലാ കൂട്ടുകാർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. നിങ്ങളുടെ ആശയങ്ങൾക്കും കഴിവുകൾക്കും ജ്ഞാനദീപത്തിൽ ഇടമുണ്ട് എന്ന് അറിയിക്കട്ടെ. ഒരിക്കൽകൂടി എല്ലാവർക്കും നല്ല വിജയവും അവധിക്കാലവും ആശംസിക്കുന്നു.

സ്നേഹപൂർവ്വം

**ഫാ. ഗീവർഗീസ് തിരുവാലിൽ ഒ.ഐ.സി**
ചീഫ് എഡിറ്റർ



# THE POWER OF POSITIVITY

Mr.J.Meenakshi

We all know what positivity is and the power it has but the problem is practicality. We all are good in theory but practicality is what we lack. And today I'll help you to put it into practice.


You do not need to defeat anything, so that you can have peace of mind, improved health, and a never-ceasing flow of energy. In short your life can be full of joy and energy. You just need to believe in yourself. Have faith in your abilities. Formulate and hold on in your mind a mental picture of yourself succeeding and never think of failing and doubt the reality of that mental image. Repeat these words several times with faith: I can do all the things through God who strengthened me.

You all must have come across unavoidable things or circumstances in your lives. And it all depends on how we face it. If we take it as a challenge and face it positively surely the end results will be positive, and that is what exactly the power of positivity is. Now as children or adults, we may come across many challenging uncomfortable situations in our lives but if we try to run away or brood over it or find excuses to

escape certainly the situation will not leave us but our lives will become even more difficult. Life challenges aren't here to break us, rather these challenges are here to mould, refine and make us into all that we were intended to become.

We are managing our families, our jobs and many more tasks simultaneously. I don't say it's a quiet easy task. Added to that we have many ups and downs in our own personal lives. Maybe the sickness of our child, or death of our dear ones or some financial losses or health problems. But that should not scare you or break you. Remember we can overcome all challenges.

Give yourself time to heal from a challenge you've just dealt with. Letting go off hurt doesn't happen overnight. It happens in slow, small steps forward plus a few steps backwards at times. Be gentle and be patient with yourself. Tell yourself, I can overcome this hour of darkness for at the end of the tunnel you could see the bright



# നന്ദി...

പ്രഭാതസൂര്യനുണർന്നുവരുമ്പോൾ
ഈശോനാഥാ നന്ദിസ്തുതി

കിളികളുണർന്നാൽ പ്രകൃതിയുണർന്നാൽ
ഈശോനാഥാ നന്ദിസ്തുതി

പകലുതുടങ്ങി വെയിലുപരന്നാൽ
ഈശോനാഥാ നന്ദിസ്തുതി

പതിവായ് പള്ളിക്കൂടമണഞ്ഞാൽ
ഈശോനാഥാ നന്ദിസ്തുതി

ഉച്ചയ്ക്കുണ്ണാം നേരവുമെന്റെ-
ഈശോനാഥാ നന്ദിസ്തുതി

ഗുരുനാഥന്മാരറിവുതരുമ്പോൾ
ഈശോനാഥാ നന്ദിസ്തുതി

പുഴയൊഴുകുമ്പോൾ മഴപൊഴിയുമ്പോൾ
വയലുകളിൽ ചെറുകാറ്റുവരുമ്പോൾ

സന്ധ്യയണഞ്ഞാൽ രാവുപരന്നാൽ
ഈശോനാഥാ നന്ദിസ്തുതി

– ഉണ്ണി അമ്മയമ്പലം.

sunshine shinning. We must keep reminding ourselves that this tunnel of darkness is not our place and we need to get out of it. This very thought will help us fight all odds and enable us to achieve our goals. Remember getting scared and trying to avoid will land us nowhere.

Everything you need to be positive is already inside you. You all are smart, talented, beautiful, healthy and fit, the best humans on this earth. It's all there in you and you just need to remind yourself this very thing. Don't wait for others to light your fire. Don't wait for an opportunity to come your way. Don't wait for that special moment to start. You have your own matches. So light up your light now. This is the time to tell youself and brace up to face everything. Don't worry about the consequences. Believe in yourself.

So our strength is in our minds. Today we need to challenge our self and think positively to achieve what we couldn't do all these years. And you'll see wonders happening.

I would like to remind you with what Mahatma Gandhi said about positive thinking.....

- Keep your thoughts positive because your thoughts become your words,
- Keep your words positive because your words become your behavior,
- Keep your behavior positive because your behavior becomes your habits,
- Keep your habits positive because your habits becomes your values,


And so my dear friends have you all buckled up your belts to enter into the world of positivity from this very moment? I hope you all understood that lifes, success, achievement is all not that easy. It all needs hard work, patience determination and strong will power to face all odds. Surely success and happiness are at your door step. Identify your own positive traits and characteristics, and recognize your accomplishments, as only you could change your own life. No one can do it for you. So you need to tell yourselves now that come what may I will do my best and you'll witness what this power of positivity can do in you.


# ശക്തനും പാണ്ടനും


ആശയം:
**സി. ആശ S.J.S.M**

എഴുത്ത്, വര:
**ദേവസി**




ഒരു പിന്നെയുമില്ല. ശക്തികൊണ്ടും വലുപ്പംകൊണ്ടും ഞാൻ തന്നെയാ കേമൻ.
അങ്ങനെ യെങ്കിൽ ഞാൻ ചേട്ടന്റെ കൂടെ കൂടാം.
ങേ! എന്തിനാ?
പാണ്ടൻ നായ തന്റെ ആഗ്രഹം ആനയോട് പറഞ്ഞു.
ആഗ്രഹം എനിക്കിഷ്ടപ്പെട്ടു. അവസാനം ഒരു പാരയായ് തീരരുത്.
ഏയ് അതോർത്ത് ചേട്ടൻ പേടിക്കണ്ട!
അങ്ങനെ പാണ്ടൻ നായയുടെ ആഗ്രഹം സാധിച്ചു. ദിവസങ്ങൾക്കുശേഷം ഒരു രാത്രി–
അണ്ണാ, ഏതോ ഒരു ജന്തുവിന്റെ അലർച്ച കേൾക്കുന്നു. ഞാൻ രണ്ട് കുരകുരച്ച് അതിനെ പേടിപ്പിച്ചാലോ ?
നീ വേണ്ടാത്ത പണിയ്ക്കൊന്നും പോകണ്ട. അത് സിംഹമാണ് സിംഹം.


ശ്വസമടക്കിപ്പിടി
ച്ചിരുന്നോ സിംഹം എങ്ങാൻ ഇതുവഴിവന്നാൽ രണ്ടിന്റേയും പണി തീരും.
അണ്ണാ, അത്രയ്ക്ക് ശക്തനാണോ സിംഹം ?
ഒരു കാര്യം ഉറപ്പാ. ഈ പൊണ്ണത്തടിയ നേക്കാൾ ശക്തനായി രിക്കും ആ സിംഹം.
പിറ്റേന്ന് നായ ആനയെവിട്ട് സിംഹത്തിന്റെ അടുത്തുവന്ന് ആഗ്രഹം അറിയിച്ചു.
കൊള്ളാം, നിന്റെ ആഗ്രഹംപോലെ നടക്കട്ടെ. ഇന്നുമുതൽ നീ എന്റെ സേവകനായിരിക്കും.
ഹാവൂ ഒടുവിൻ ഞാൻ ഒരു ശക്തനെ കണ്ടെത്തി.
ഒരു വെടിക്കുള്ള മരുന്ന് കയ്യിലുള്ളത് നല്ലതാ. ഒന്നും കിട്ടാതെവരുമ്പോൾ ഇവനെ ശാപ്പിടാം.
അന്നു രാത്രി
സേവകാ, നല്ല വിശപ്പ്. നമുക്ക് കാടൊന്ന് അരിച്ചു പെറുക്കിയാലോ.
ഞാൻ റെഡി യജമാനൻ.


അവർ കുറച്ചു ദൂരം ചെന്നപ്പോൾ.
അയ്യോ അതുവഴി പോകരുത്. അപകടമാണ്.
എന്തോന്ന് അപകടം?
ഒരു വേട്ടക്കാരൻ വരുന്നുണ്ട്. അയാളുടെ മുമ്പിൽചെന്നു പെടാതെ തിരിച്ചുപോ.
ങേ, വേട്ടക്കാരനോ കത്തിച്ചു വിട്ടോടാ...
വേട്ടക്കാരനെ നമ്മള് പേടിക്കേണ്ട കാര്യമെന്താ?
തർക്കുത്തരം പറയാതെ വാടാ കൊച്ചനെ
ഗുഹയിൽ എത്തിയപ്പോൾ!
നാട്ടിലുള്ള മനുഷ്യനാ. അവൻ കാട്ടിൽ വന്നാൽ കാട്ടിലെ മൃഗങ്ങളെ വേട്ടയാടും...
അല്ലാ, ആരാ ഈ വേട്ടക്കാരൻ!
ഈ സിംഹം പോലും ഭയപ്പെടുന്നുവെങ്കിൽ ആ വേട്ടക്കാരൻ നിസ്സാരക്കാരനല്ല.


സിംഹത്തിന്റെ കണ്ണുവെട്ടിച്ച് നായ വേട്ടക്കാരന്റെ അടുത്തെത്തി. തന്റെ മനസ്സുതുറന്നു.
മതി. എനിക്കു സന്തോഷമായി. ഇനിയുള്ള കാലം അങ്ങേക്കു വിധേയ നായിരിക്കും.
കൊള്ളാം നിനക്ക് അങ്ങനെ ഒരാഗ്രഹമുണ്ടെ ങ്കിൽ എന്നോടൊപ്പം നിന്നുകൊള്ളു.
അപ്പോൾ കാട്ടിൽ ഒരനക്കം കേട്ടു. നായ നിർത്താതെ കുരക്കാൻ തുടങ്ങി.
ബൗ...ബൗ...
ഹമ്പടാ കേമാ, ഇവനാളുകൊള്ളാമല്ലോ, ഏതായാലും ഇവൻ എനിക്ക് ഒരു ഉപകാരമായിരിക്കും!
വേട്ടക്കാരൻ പാണ്ടൻനായയെ തന്റെ വീട്ടിൽകൊണ്ടുപോയി. അങ്ങനെ കാട്ടിൽ കഴിഞ്ഞിരുന്ന നായ മനുഷ്യനോടൊത്തു കഴിയാൻ തുടങ്ങി.
ഹാവൂ.... അവസാനം ശക്തിയും ബുദ്ധി യുമുള്ള മനുഷ്യനെത്തന്നെ കണ്ടെത്തി. ഇനി ഇവിടം വിട്ട് ഒരിടത്തേക്കുമില്ല.

കുട്ടിക്കവിത

# അപകടം

മാനും മുയലും പുഴയരികിൽ
ഓടി നടന്നു കളിക്കുമ്പോൾ
കൊതിയൻ വയറൻ കടുവച്ചാർ
നാവു നുണഞ്ഞു പതുങ്ങുന്നു
അപകടമെന്നതു മുയൽ കണ്ടു
കാര്യം മാനിനു പിടി കിട്ടി
ഓട്ടം ചട പട രണ്ടാളും
കടുവേം പാഞ്ഞതു പിന്നാലെ
ഇരകൾ രണ്ടും പോയല്ലോ
വയറൻ കടുവ തളർന്നല്ലോ
കുടവയറങ്ങനെ വിനയായി
ആർത്തി പെരുത്തു കഴിക്കരുതേ.....!!



രാമചന്ദ്രൻ പുറ്റുമാനൂർ

**കഴിഞ്ഞലക്കം പദപ്രശ്നമത്സരത്തിൽ ശരിയുത്തരം അയച്ചവരുടെ പേരുകൾ താഴെച്ചേർക്കുന്നു.**

**1. Gokul Krishnan G -** V-D, Kottarakkara | **2. Austin Biju -** V-D, Kottarakkara | **3. Salman Faris N -** V-D, Kottarakkara | **4. Sayaan Shan -** I -C, Nalanchira | **5. Anadhu Biju -** IX -B, Ranni | **6. Adwaith S -** C/o Subash S, Mauelickara | **7. Abhirami R -** D/o Ajiumar P, Santhigiri PO | **8. Adadin Jensin -** Mavelikara | **9. Alma Reji -** Ranny | **10. Aron Saini Zach -**V-A, lappuzha | **11. Neeraj R Nair -** Trivandum | **12. Arsha BS -** Kulappeda | **13. Nitunjan A -** Kowdiar | **14. Kasinath -** Charumoodu | **15. Belvin Y Daniel -** Mavelikkara | **16. Don Sajan Joseph -** II B, Pathanamthitta | **17. Savio Joseph -** II A, Nalanchira | **18. Abiah Abraham -** Mavelikara | **19. Joanna Mariam Shebu -** Adoor | **20. Hanna Mariam Shebu -** Adoor | **21. Christy Sunny -** Kollam | **22. Lekshmi S -** Vattappara | **23. Joel G John -** Vallikunnam | **24. Sajeev -** Pulamon | **25. Jeswin P Biju -** Kottarakara | **26. Joan Mary Nixon -** VI D, Kottarakkara | **27. Neethu BM -** Vattappara | **28. Amay R -**Thamarakulam | **29. Aksa Binoj -** II B, Pathanamthitta | **30. Athulya RA -** Vencode | **31. Anaswara Ajikumar -** X.C, Nalanchira | **32. John Boby -** Kollam

**എല്ലാ വിജയികൾക്കും അഭിനന്ദനങ്ങൾ**




കഥ

# ബാറ്റിന്റെ പക

റെജി മലയാലപ്പുഴ

**കു**റ്റിപ്പുറം ഗ്രാമത്തിലെ വികൃതിക്കുട്ടികളായിരുന്നു ബാറ്റും, സഹോദരങ്ങളായ ബോളും സ്റ്റമ്പും അവധിയായാൽ ഇവരെല്ലാം വയൽക്കരയ്ക്കടുത്തുള്ള കുറ്റിച്ചോട്ടിൽ സാറ്റു കളിക്കാൻ ഒത്തുകൂടും. പിടിവാശിക്കാരനായ ബാറ്റ് മറ്റുള്ളവരെ എണ്ണാൻ സമ്മതിക്കില്ല. ഇടയ്ക്കിടെ പന്തിനോട് കയർത്ത് സംസാരിക്കും. ബാറ്റിന്റെ ഈ പെരുമാറ്റത്തിൽ പന്ത് അസ്വസ്ഥനായി. പല സമയത്തും കളിക്കിടയിൽ പന്തിനെ അവൻ പരിഹസിക്കും. സ്റ്റമ്പ് സഹോദരങ്ങളും ബാറ്റിന്റെ കൂടെ കൂടും. ഒടുവിൽ ക്ഷമ കെട്ട്



ബാറ്റിനെ ഒരു പാഠം പഠിപ്പിക്കണമെന്ന് പാവം പന്ത് വിചാരിച്ചു. അങ്ങനെയിരിക്കെ ഒരു ദിവസം ബാറ്റ് സാറ്റെണ്ണൽ തുടങ്ങി. മറ്റുള്ളവർ പലയിടങ്ങളിൽ ഒളിച്ചു. അപ്പോഴാണ് സാറ്റെണ്ണുന്ന ബാറ്റിന്റെ തലയ്ക്കു മീതെ ഒരു കടന്നൽ കൂട് കുറ്റിക്കാട്ടിൽ ഒളിച്ചിരുന്ന പന്ത് കണ്ടത്. ഇതാണവസരം അവൻ ഒരു കമ്പെടുത്ത് കടന്നൽക്കൂടിനെറിഞ്ഞു. ഏറു കൊണ്ട കടന്നലുകൾ ബാറ്റിനെ പൊതിഞ്ഞുകുത്തി. വള്ളിക്കിടയിൽ ഒളിച്ചിരുന്ന സ്റ്റമ്പ് സഹോദരങ്ങൾ ഇതെല്ലാം കാണുന്നുണ്ടായിരുന്നു. നടന്നതെല്ലാം അവർ ബാറ്റിനോട് പറഞ്ഞു. അന്നു മുതൽ ബാറ്റിന്റെ ശത്രുവായി പന്ത് മാറി. എപ്പോൾ പന്ത് തന്റെ മുമ്പിലെത്തിയാലും ബാറ്റ് അവനെ അടിച്ചു തുരത്തും. വേദന കൊണ്ട് പുളഞ്ഞുരുളുന്ന പന്തിനെ ബാറ്റിന്റെ പുറകിലൊളിച്ചിരുന്ന സ്റ്റമ്പ് സഹോദരങ്ങൾ പരിഹസിക്കും. ചില സമയങ്ങളിൽ ആ ചിരി കണ്ട് തിരിച്ചു വന്ന് അവൻമാരെ തള്ളിയിട്ടിട്ട് പന്തും ചിരിച്ചാർക്കും.

# Aesop's Fables

## *The Pearl*

ONCE long ago, a hungry cock was pecking the ground for some food when he came upon something shiny.

"What's this ?!" said the cock thinking it was a corn of barley. He bent closer to inspect it.

"It's only a pearl," said the cock aloud disgustedly.

"A pearl ? What's that Papa?" asked his youngest chick who had accompanied him. "Does it taste like barley?"

"No. It's a gemstone treasured by humans, but of no value to us," said the cock walking away.

**Moral of the story: Things are precious only to those who value them.**






**GUESS :** Ask a friend to think of a number, any number at all. S/he should not tell you what it is. Now s/he has to multiply it by 4, add 5 to the product and multiply the resulting number by 2. Then s/he has to add 2 to the product and tell you what the number is. When she/he tells you the number you will instantly be able to tell him the number she/he started out with.

## How?

This mathemagical puzzle was created by the Italian mathematician. Lennardo Fibonacci (d. 1250). A man enters an orchard that has seven gates and takes a certain number of apples. While leaving the orchard, he gives the guard at the first gate half the apples and one apple more; to the guard at the second gate, he gives one half of the remaining apples and one apple more. He is equally generous to the other five guards, giving each of them half the apples he had with him at each gate, and one apple more.

When he leaves the orchard, he has only one apple left.

**How many apples did he gather in the orchard?**



*If you wish to know the answers turn to page 49*



# ഹൃദയവിശുദ്ധി

ഒരു ദിവസം ആചാര്യ വിനോബാ ബാവെ ആശ്രമ മുറ്റം അടിച്ചു വൃത്തിയാക്കിക്കൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ അവിടേക്ക് കടന്നു വന്ന ഒരു സന്ദർശകൻ വിനോബാ ബാവെയോട് ഇങ്ങനെ ചോദിച്ചു: 'ഗുരുവെ, അങ്ങെന്താണ് ഈ ചെയ്യുന്നത്?" വിനോബാ ബാവെ സന്ദർശകനെ നോക്കി പറഞ്ഞു. 'ഞാൻ മുറ്റം വൃത്തിയാക്കുകയാണ്. താങ്കൾ ഇത് കാണുന്നുണ്ടല്ലോ." അപ്പോൾ സന്ദർശകൻ ചോദിച്ചു:- "ഇവിടെ ഒരുപാടാളുകൾ ഉണ്ടല്ലോ മുറ്റമടിക്കാൻ. പിന്നെയെന്തിനാണ് അങ്ങു തന്നെ മുറ്റം വൃത്തിയാക്കുന്നത്?" വിനോബാ പറഞ്ഞു.

"ഈ മുറ്റത്തിന്റെ ശുചിത്വം എന്റെ ഹൃദയവിശുദ്ധിയുടെ പ്രതീകമാകുന്നില്ല എങ്കിൽ എന്റെ ഈ ജോലി വെറും

പാഴ്‌വേലയാണ്.”
ആരെന്തു പ്രവർത്തിച്ചാലും അത്തരം പ്രവർത്തനങ്ങളിലൊക്കെ അവരവരുടെ ഹൃദയം നമുക്ക് കാണാൻ കഴിയുന്നു. വിനോബാ ബാവെ പറഞ്ഞതും അതുതന്നെയാണ്. അദ്ദേഹത്തിന്റെ ഹൃദയവിശുദ്ധി അദ്ദേഹം ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളിലും ഉണ്ടാകുന്നില്ല എങ്കിൽ അത്തരം പ്രവർത്തനങ്ങൾ ഒന്നും തന്നെ സഫലമാകുന്നില്ല എന്നർത്ഥം. യേശുവിന്റെ തിരുവചനം നമ്മെ പഠിപ്പിക്കുന്നത് ഒന്ന് ഓർമ്മിക്കാമോ?
‘‘ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു.”
നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും നമ്മുടെ ഹൃദയം കാണുവാൻ മറ്റുള്ളവർക്കു കഴിയണം. നമ്മുടെ ഹൃദയവിശുദ്ധി നമ്മുടെ പ്രവർത്തനങ്ങൾ വഴി മറ്റുള്ളവർ മനസ്സിലാക്കുമ്പോൾ നമ്മുടെ പ്രവർത്തികൾ പാഴ്‌വേലയല്ലെന്ന് നമുക്ക് മനസ്സിലാകുന്നു.

# What's the good word?

Given below are the clues to a few word sets. The words of each set are made up of the same letters. How many of the words can you find?

1. Worry or concern; a measure of lands; a contest.
2. To be; nasty; wicked.
3. Pleasant facial expression; slippery mud; units of length.
4. An appellation; long hair of horse; a blessing.
5. To gather; shape formed by two lines that meet; divine messenger.
6. Shallow dish for holding food; jumped; part of flower.
7. To look fixedly; changes; drops from the eyes.


See Page 49

# പുട്ടിന്റെ അഹങ്കാരം




റെജി മലയാലപ്പുഴ

അടുക്കള വീട്ടിലെ കുസൃതികളാണ് പുട്ടും, ഇടിയപ്പവും. രണ്ടു പേരും ഒരേ സമയത്ത് ജനിച്ചവരാണെങ്കിലും പുട്ടിന് ഒരല്പം നീളം കൂടുകയും ഇടിയപ്പം ചിരുങ്ങിപ്പോകുകയും ചെയ്തു. പലപ്പോഴും പുട്ട് ഇടിയപ്പത്തെ പുഴു എന്ന് വിളിച്ച് കളിയാക്കും. പുഴു പോലെ ചുരുണ്ടിരിക്കുന്ന പാവം അത് കേട്ടാലും മറുത്തൊന്നും പറയില്ല. എല്ലാവരോടും ഇടിയപ്പം നന്നായെ ഇടപെടൂ. അങ്ങെനെയിരിക്കേ അമ്മായിയുടെ കൊച്ചു മകൻ വീട്ടിലെത്തി. അവന് രാവിലെ കഴിക്കാൻ കൊടുക്കാൻ എന്തുണ്ട് എന്നാലോചിച്ചു വശം കെട്ടപ്പോഴാണ് പുട്ടിന്റെ കാര്യം ഓർത്തത്. പെട്ടെന്ന് ഒരു കുല പഴക്കായ വാങ്ങി വന്ന് പുട്ടിനെ എടുത്ത് പാത്രത്തിലാക്കി. പുട്ട് നിലവിളിക്കാൻ തുടങ്ങി. ഇടിയപ്പത്തിന് ഒന്നും ചെയ്യാനായില്ല. കൊതിയനായ അമ്മായിയുടെ കൊച്ചു മോൻ ഒരു പിടിക്ക് പുട്ടിനെ ഉടച്ചു കളഞ്ഞു. ഞാൻ കേമനാണെന്നും, മറ്റുള്ളവർ നിസാരന്മാരാണെന്നുമുള്ള പുട്ടിന്റെ ഭാവം ഒരു നിമിഷം കൊണ്ട് ഉടഞ്ഞു പോയി.



നൂറും അതിലേറെയും നിലകളുള്ള കെട്ടിടങ്ങളുടെ മുകളിലേക്ക് അനായാസം ചെന്നെത്തുമ്പോൾ ഓർമയിൽ വരേണ്ട ഒരു പേരുണ്ട്. **എളിഷ്യ ഓട്ടിസ്.** കാരണം അദ്ദേഹമാണ് വലിയ കെട്ടിടങ്ങളുടെ മുകളിലേക്ക് **'ലിഫ്റ്റ്'** എന്ന സൂത്രം കണ്ടുപിടിച്ചത്. 1854 മെയ് 25-ന് ഓട്ടിസ് ആദ്യമായി ലിഫ്റ്റ് പ്രവർത്തിപ്പിച്ചു.


THE INVISIBILITY POTION
Birbal was late to report to the durbar.
Jahanpanah seems to be furious.
Birbal, what reason do you have for being late?
I.. err..
One courtier who envied Birbal-
I'll explain, my lord.
Birbal was busy developing an invisibility potion.
What?
He has invented a potion that can make anything invisible.
Eh?!


Is it true, Birbal?
Oh, so this courtier wants to trap me.
Yes, Jahanpanah. I have invented such a potion.
If you permit I shall demonstrate it tomorrow.
What fun!
Very well. If it's a lie, your head will roll.
The next day many gathered to watch the magic potion at work
I am going to make His Majesty's horse disappear for a moment.


The mahout should be ready. Else everybody will know that this is plain water.
Birbal poured water all over the horse.
The horse is going to disappear.
jinglebellcreations@gmail.com
Suddenly-
What's that commotion?
A berserk elephant!
Run! Run!
Soon the mahout came and chained the elephant.
At last!
Birbal, now show us the trick.
But it's over Your Majesty.


What?
Yes Majesty, till now I had kept the horse invisible.
Else let somebody here say that they had seen the horse.
Uh, I didn't.
How can anybody notice a horse when an elephant is running amok?
Ha! Ha! See My Lord, nobody saw the horse. So the experiment is a success.
Akbar understood Birbal's trick.
Ha! Ha! You have won again Birbal.
Grr...

കഥ

# ആനന്ദം നുകരാനുള്ള വഴി

സത്യൻ താന്നിപ്പുഴ

അപ്പുണ്ണിയും കിട്ടുണ്ണിയും അയൽക്കാരാണ്. ഒരു ദിവസം അപ്പുണ്ണിയുടെ മകനും കിട്ടുണ്ണിയും തമ്മിൽ വാക്കുതർക്കമുണ്ടായി വഴക്കുകൂടി. കൃഷിസ്ഥലത്തിന്റെ വരമ്പിനെ



ക്കുറിച്ചായിരുന്നു തർക്കം.

പിറ്റേന്ന് അയൽക്കാരനായ ആനന്ദന്റെ വീട്ടിൽ ചെന്ന് അപ്പുണ്ണി പറഞ്ഞു: "സുഹൃത്തേ, ഇന്നലെ മകനും കിട്ടുണ്ണിയും തമ്മിൽ വഴക്കുകൂടി. എനിക്ക് മനസ്സിന് ഒരു സമാധാനവുമില്ല. വല്ലാത്ത ടെൻഷൻ. ഇത്തിരി നേരം നിങ്ങളോട് സംസാരിക്കാമെന്നു കരുതി വന്നതാണ്."

അപ്പുണ്ണിയുടെ സംസാരം കേട്ടപ്പോൾ ആനന്ദൻ പറഞ്ഞു: "വിവരങ്ങളെല്ലാം ഞാനറിഞ്ഞു. അതിർത്തിത്തർക്കം പറഞ്ഞ് വഴ

ക്കുകൂടി ശത്രുക്കളാകരുത്. അയൽക്കാരനെ സ്നേഹിക്കാൻ തടസ്സമാകുന്നത് സ്വാർത്ഥ തയാണ്. ജീവിതത്തിൽ സുഖവും സമാധാനവും ലഭിക്കണമെങ്കിൽ സ്വാർത്ഥ ചിന്ത ഉപേക്ഷിക്കണം.

'അവനവനാത്മസുഖത്തിനാചരിക്കുന്നവയപരന്നു സുഖത്തിനായ് വരേണം.' എന്ന ശ്രീനാരായണ ഗുരുവചനം ഉൾക്കൊണ്ട് ജീവിക്കാൻ കഴിയണം. നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കണമെന്നല്ലേ യേശുക്രിസ്തുവും പറഞ്ഞിട്ടുള്ളത്. എല്ലാം എനിക്ക് കിട്ടണമെന്ന ആഗ്രഹം വെടിഞ്ഞ് മറ്റുള്ളവർക്ക് എന്ത് കൊടുക്കാൻ കഴിയും എന്ന ചിന്ത വളർത്തിയെടുക്കണം. കൊടുക്കുമ്പോൾ ലഭിക്കുന്ന ആനന്ദം അപാരമാണ്.

തിന്നതും കുടിച്ചതും ക്ഷണത്തിൽ നഷ്ടപ്പെടും. കൊടുത്തതും, പങ്കിട്ടതും നാളെയും ഓർമ്മിക്കപ്പെടും.

നമുക്ക് മറ്റുള്ളവരെ സാമ്പത്തികമായി സഹായിക്കാൻ കഴിവില്ലായിരിക്കാം. ഒരു പുഞ്ചിരിയും നല്ല വാക്കും മറ്റുള്ളവർക്കു വേണ്ടി നൽകാൻ കഴിയണം. അപ്പോഴാണ് നമ്മുടെ ജീവിതം ധന്യമാകുന്നത്. അതാണ് ആനന്ദം നുകരാനുള്ള വഴിയും."

ആനന്ദന്റെ സംസാരം അപ്പുണ്ണിക്ക് സമാധാനമേകി. അയാൾ സന്തോഷത്തോടെ യാത്ര പറഞ്ഞിറങ്ങി.



കുട്ടിക്കവിത

## ങ്യാവൂ ങ്യാവൂ...... പൂച്ചക്കുട്ടി

ഇതുവഴി വരുമോ പൂച്ചക്കുട്ടി
ഇവിടെയിരുന്ന് കളിക്കാലോ
ഇവിടെയൊരുണ്ണി തനിച്ചാണ്
ഇവിടെയൊരമ്മ തനിച്ചാണ്

ഉണ്ണിക്കുണ്ടോരു പൂച്ചക്കുട്ടി
ഉമ്മ കൊടുക്കും പൂച്ചക്കുട്ടി
ഉണ്ണിയെടുത്താൽ പൂച്ചക്കുട്ടി
ഉണ്ണിക്കൈയിലുറങ്ങീടും

– ഉണ്ണി അമ്മയമ്പലം.



## എഡിസന്റെ ലാബ്

'കണ്ടുപിടിത്തങ്ങളുടെ തമ്പുരാൻ' എന്നറിയപ്പെടുന്നശാസ്ത്രജ്ഞനാണ് **തോമസ് ആൽവ എഡിസൺ.** ആയിരത്തിലേറെ കണ്ടുപിടിത്തങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ട്. 1858 – ലാണ് തന്റെ ആദ്യത്തെ പരീക്ഷണ ശാല എഡിസൺ ഒരുക്കിയത്.

# In the Lion's Den

The King of Babylon, King Belshazzar, died, and Darius the Mede became the new king.
King Darius decided to appoint a hundred and twenty supervisors and governors to help him rule over his kingdom. And he made Daniel and two others their boss.
The other supervisors and governors didn't like it. Daniel worked harder, and did much better work than any of them. The King was so impressed he was going to put Daniel in charge of the whole kingdom.
"We have to do something about this Daniel," the supervisors, the governors, the lieutenant governors, the all the other officials said to themselves. But no matter how hard they looked, they couldn't find anything wrong with Daniel because Daniel was completely faithful and honest in everything he did.
"Maybe we can use his religion against him," they said.
And so they came up with a devious plan.
They came before king

## Try It

The scrambled words below are names of sports. How many can you unscramble?

| | | | |
|---|---|---|---|
| 1) | ECOYKH | 2) | HERYCAR |
| 3) | EBTASLALKB | 4) | NIGLERWTS |
| 5) | LEBLASAB | | |

Kangaroos are capable of going for months without.....

| | | | |
|---|---|---|---|
| a) | Eating | b) | Drinking |
| c) | Sleeping | d) | Breathing |

See Page 49

Darius one day and said, 'King Darius! May you live forever! (although each one of them was probably really thinking, 'May you die tomorrow- so I can become King!'). All of us who help to rule your kingdom; the supervisors, the governors, the lieutenant governors, and all the other officials, think that it would be very wise of you to issue a command that for thirty days no one should be able to ask for anything from any God or man except you, O Great and Might King. And if anyone should ask for anything from any God or man besides you, they should be thrown into the lions' den."



King Darius accepted the idea of the supervisors, the governors, the lieutenant governors, and all the other officials, and signed the decree.

It became a law of the Medes and Persians that could not be changed.

Daniel heard the King's decree, but still, the next morning he went to his window to pray, just as he did every morning, noon and night.

This was exactly what the supervisors, the governors, the lieutenant governors, and all the other officials were looking for.

They went straight to the king. "Your Majesty, may you live forever!" they said."Didn't you sign a decree that said for thirty days no one should ask for anything from any god or man except you, O Great and Might

King? And if anyone should ask for anything from god or man besides you, they should be thrown into the lions' den?"

"Yes," said the king. "It is a law of the Medes and Persians that cannot be changed."

Then the supervisors, the governors, the lieutenant governors, and all other officials said, "We saw Daniel praying to his God this very morning! He did not respect you or your order."

When king Darius heard this news he was very sad. He knew that honest man, who served him faithfully. And so he worked into the full night, trying to find some way to rescue Daniel. But he couldn't.

The supervisors, the governors, the lieutenant governors, and all the other officials came back the next morning and demanded, "Your Majesty, you know a law of the Medes and Persians can never be changed so Daniel needs to he thrown in the lions' den Which was just what they wanted all along?

And so, the king had no choice but to have Daniel thrown into the lions' den. The king said to Daniel, "May the God whom you serve so faithfully save you!"

And then the king's men grabbed Daniel and threw him into a pit filled with pacing, roaring, hot-breathed lions.

They rolled a stone over the mouth of the den, and the King sealed it with his royal seal, so that no one could move the stone and rescue Daniel.

That night, the king could not sleep at all.

The first thing the next morning, just as the sun was beginning to rise, the king ran to the lions' den.

He shouted out, "Daniel! Servant of the living God! Was the God you serve so faithfully able to save you from the lions' jaws?

"Daniel....?"

"May your majesty live forever!" Daniel called from inside the lions' den. "God sent his angel to shut the lions mouths all through the night. God has saved me so that you will know that I am innocent, and I have served you faithfully!"

The king was so happy immediately he ordered his

servants to pull Daniel from the lions' den. There wasn't even a scratch on him. Everyone saw that Daniel had trusted God, and God had saved him.

And then the king sent for all the supervisors, the governors, the lieutenant governors, and all the other officials who had accused Daniel. They were in trouble now! Right then and there, the king had them arrested and thrown into the lions den.

The lions were not so friendly this time.

Then king Darius issued a new decree. It said,

"Greetings, people of all nations, races, and languages!

I, King Darius, decree that all people everywhere should honour and fear the God that Daniel serves so faithfully.

He is the living God who rules for all time.

His kingdom will never end, and his power will last forever.

He rescues and the saves,

He can do mighty things, for he has saved Daniel from

The lions' jaws!

Once again, Daniel was faithful.

And God was able to show us that he is always able to do great and wonderful things.



# English Clinic

*One novelty in the English language is the formation of combination words. These words are coined by combining two or three words. They become popular as they facilitate expression apart from being compact and precise. For example, brunch is a meal that one eats late morning. It is a combination of two words, namely, breakfast and lunch. You may know some of these:*

*Moped = motorised pedal*
*Maglev = magnetic levitation*
*Smog = smoke + fog*
*Motel = motorist's hotel*
*Biopic = biographic picture*
*Hi-fi = high – fidelity*
*Infotech = information technology*



ഗാന്ധിദർശനം

# നമ്മുടെ ഉള്ളിലുള്ള ശബ്ദം എന്താണോ പറയുന്നത് അതാണ് സത്യം

സത്യം വിട്ടൊരു നയോപായവും എനിക്കറിയില്ല.

നിങ്ങളുടെ ഉള്ളിലുള്ള ശബ്ദം എന്താണോ പറയുന്നത് അതാണ് നിങ്ങൾക്ക് സത്യം.

ധൈര്യം, വിശ്വാസം, സത്യസന്ധത, ശേഷി ഇവയാണ് നമ്മുടെ ആത്യന്തിക മൂലധനം.

എവിടെ സത്യമുണ്ടോ അവിടെ യഥാർത്ഥ ജ്ഞാനമുണ്ട്. എവിടെ സത്യമില്ലയോ അവിടെ ജ്ഞാനം കാണുകയുമില്ല.

അഹിംസകൊണ്ട് നനയ്ക്കുന്നില്ലെങ്കിൽ സത്യത്തിന്റെ ചെടി വളർന്ന് കായ്ക്കില്ല.

ഇന്ത്യ വിശ്വസംസ്കാരത്തിനു നൽകിയ ഏറ്റവും വലിയ സംഭാവന അഹിംസ എന്ന ആശയമാണ്.

അച്ചടക്കം പാലിക്കുന്നവർക്ക് അഹിംസ വളരെവേഗം സ്വീകരിക്കാൻ കഴിയും.

അഹിംസ ഭീരുക്കൾക്കു പറ്റിയതല്ല, അതു ധീരന്മാർക്കുള്ളതാണ്.

സ്വന്തം വീടും കുടുംബവും നന്നായി പാലിക്കാത്ത സാമൂഹ്യപ്രവർത്തകനു മറ്റുള്ളവരെ നന്നാക്കാൻ കഴിയില്ലെന്നു തീർച്ച.


ഹിംസാമദ്ധ്യത്തിൽ നിന്നു കൊണ്ടു അഹിംസാനിയമം കണ്ടുപിടിച്ച ഋഷിമാർ ന്യൂട്ടനെക്കാൾ മികച്ച പ്രതിഭാശാലികളാണ്. യോദ്ധാവായ വെല്ലിങ്ടനെക്കാൾ മികച്ച യോദ്ധാക്കളാണ്. ആയുധപ്രയോഗം അറിയാമെന്നിരിക്കെതന്നെ അതിന്റെ ഫലശൂലന്യതയും അവർ മനസ്സിലാക്കി.

മറ്റുള്ളവരെ സ്നേഹിക്കുക, സ്വയം ത്യാഗം ചെയ്യുക ഇതാണ് അഹിംസ.

സ്നേഹവും അഹിംസയും ജീവിതത്തെ വിലയുള്ളതാക്കുന്നു.

അഹിംസാവഴി ശത്രുവിനെ മിത്രമാക്കാനും കൂടുതൽ മിത്രങ്ങളെ നേടാനും കഴിയും.

സത്യം പറയുന്ന ഞാൻ ഒറ്റയ്ക്കാവാം. ഞാൻ പറയുന്നത് കേൾക്കാൻ ആളില്ലായിരിക്കാം. എന്നാൽ മറ്റു ശബ്ദങ്ങൾ തളർന്നാൽ എന്റെ ശബ്ദം കേൾക്കാതിരിക്കില്ല.



One specific disease known to be cured by banana is anaemia. High in iron, bananas are believed to stimulate the production of aemoglobin in the blood and so helps in cases of anaemia.

# പൊന്നപ്പൻ


ആശയം:
പ്രേമാനന്ദ്
വര:
ദേവസി










# Colouring Corner





**നിറം നൽകൂ...**

*സമ്മാനം നേടൂ......*

**അവസാന തീയതി**

**ഏപ്രിൽ 20, 2019**

*ചിത്രങ്ങൾ ലഭിക്കേണ്ട വിലാസം*

Chief Editor
JNANADEEPAM
Bethany Navajeevan,
Provincial Ashram, Nalanchira P.O,
Thiruvananthapuram - 695015

Story

# LITTLE RED RIDING HOOD



Once upon a time, there was a little girl named Red Riding Hood. She was very beautiful. She always wore a red dress with a red cap.

One day, her mother told her, "Take this basket of fruits to your grandmother. She is very sick. Take care on your way and do not talk to any strangers."

Little Red Riding Hood set off in the woods on a bright morning. The sun was shining bright. The sky was clear. The air was cool and gentle wind was blowing. Birds were singing sweetly.

Red Riding Hood saw colourful butterflies, beautiful flowers, red, pink, yellow daffodils and the blue sky. She was dancing and singing merrily on the way.

All of a sudden, a wolf sprang up and asked her, “Where are you going, pretty girl?” Red Riding Hood forgot her mom’s advice and replied, “I am going to see my grandmother who lives in the woods.”

The wolf was very wicked. He reached the grandmother’s house before Red Riding Hood. He knocked of the door and the grandmother said, “Come in dear, the door is open.”

The wolf entered the house and locked up the Grandma in the cupboard. He then, put her clothes and got into her bed to pretend to be a grandmother.

When Red Riding Hood arrived, she knocked the door and came in. She wished her grandmother good health and asked in surprise:

“Oh, Grandma! What big eyes you have?”

“All the better to see you with,” said the wolf who was disguised as Grandma.

“Oh, Grandma! What big ears you have?”

“All the better to hear you with,” said the wolf.

“Oh, Grandma! What big hands you have?”

“All the better to hug you with,” said the wolf.

“Oh, Grandma! What big teeth you have?”


“All the better to eat you with,” said the wolf.

And an saying, this wolf jumped up to catch little Red Riding Hood. She screamed and shouted, “Help.”

A wood-cutter heard her voice and came running to Grandma’s cottage. He chopped off the wolf with his axe and saved little Red Riding Hood and her grand mother.

Little Red Riding Hood learnt a lesson and from that day onwards, always obeyed her mother.

The frog was an ancient Egyptian symbol, later adopted by the conquering Romans. The frog-headed goddess Hekt was the goddess of birth and fertility, and later also of resurrection.





# സിനിമയുടെ കഥ

ഇതുവരെ ലോകത്തിലുണ്ടായിട്ടുള്ള എല്ലാ കലാരൂപങ്ങളും ചേർന്ന മഹത്തായൊരു കലാരൂപമാണ് സിനിമ. ഇംഗ്ലീഷിൽ "Cinema is the fusion of all other arts" എന്നൊരു പറച്ചിൽ തന്നെയുണ്ട്.

ഒരു നിശ്ചല ദൃശ്യം തുടർച്ചയായി ആവർത്തിച്ചു കണ്ടുകൊണ്ടിരുന്നാൽ ആ ദൃശ്യം ചലിക്കുന്നതായി തോന്നും.

ഒരു കാർഡ് ബോർഡ് കഷ്ണത്തിൽ ഒരറ്റത്ത് ഒരു പക്ഷിയേയും മറ്റേയറ്റത്ത് ഒരു പക്ഷിക്കൂടും വരച്ചു ചേർത്തിട്ട് അത് ശക്തിയായി കറക്കിയാൽ പക്ഷി കൂട്ടിലേക്ക് കയറുന്നതായി തോന്നും. ഇതാണ് സിനിമയുടെ ശാസ്ത്രം. ഇതിന് ദശാനുവർത്തന പ്രതിഭാസം (Presistence of vision) എന്നാണ് പറയുക.

1895 ഡിസംബർ 28-ന് പാരീസ്സിലെ ഗ്രാൻഡ് കഫേയിൽ 35 പേർ ഒരുമിച്ചു കൂടി. സഹോദരന്മാരായ ലൂയി ലൂമിയറും അഗസ്തേ ലൂമിയറും കൂടി ലോകചരിത്രത്തിലെ ആദ്യ സിനിമാ പ്രദർശനം നിർവഹിച്ചു. The Baby's meal, Arrival of the train, The girl watching the garden, Workers exciting the Lumiere factory എന്നീ ചെറുചിത്രങ്ങളലാണ് അന്ന് പ്രദർശിപ്പിച്ചത്. സ്ക്രീനിൽ തീവണ്ടി പാഞ്ഞുവരുന്ന ദൃശ്യം കണ്ട് കൂടിയിരുന്ന ആളുകൾ ഇറങ്ങി ഓടിയതൊക്കെ അന്നത്തെ കഥ.

പിന്നീട് കഥാചിത്രങ്ങളെക്കുറിച്ചൊക്കെ പല പരീക്ഷണങ്ങളും നടന്നു. 12 മിനിറ്റ് നേരമുള്ള

എഡ്വിൻ എസ്. പോർട്ടറുടെ The great train robbery ആണ് ആദ്യ സമ്പൂർണ്ണ ഫീച്ചർ ചിത്രം. പിന്നീട് ധാരാളം ചലച്ചിത്രങ്ങൾ നിർമ്മിക്കപ്പെട്ടു. എല്ലാം നിശ്ശബ്ദ ചിത്രങ്ങളായിരുന്നു. ഹിച്ച്കോക്ക്, ചാർലി ചാപ്ലിൻ, ഗ്രിഫിത്ത്, ഐസൻസ്റ്റീൻ, പുഡോഫ്കിൻ ഇവരൊക്കെ ശ്രദ്ധേയരായ ആദ്യകാല ചലച്ചിത്ര സംവിധായകരാണ്.
1927-ൽ ഇറങ്ങിയ Jazz Singer ആണ് ആദ്യ ശബ്ദചിത്രം. 1931 -ൽ ഇന്ത്യയിൽ ആദ്യശബ്ദ ചിത്രം 'ആലം ആര' പുറത്തിറങ്ങി.

1938-ൽ മലയാളത്തിൽ ആദ്യ ശബ്ദചിത്രം ബാലൻ പ്രദർശിപ്പിച്ചു. എസ്. നൊട്ടാണിയായിരുന്നു സംവിധാനം. മലയാളത്തിലെ ശ്രീ.ജെ.സി. ദാനിയൽ സംവിധാനം ചെയ്ത വിഗതകുമാരൻ ആണ് ആദ്യ നിശ്ശബ്ദ സിനിമ.

ആദ്യകാലത്ത് കറുപ്പിലും വെളുപ്പിലുമായിരുന്നു ചലച്ചിത്രങ്ങൾ. പിന്നീട് ടെക്നിക്കളർ, ഈസ്റ്റ്മാൻ കളർ തുടങ്ങി ഇക്കാലത്തേതുപോലെയുള്ള മൾട്ടികളറിലേക്ക് സിനിമ വളർന്നു.

സാമൂഹ്യ പ്രസക്തിയുള്ള ഇന്ത്യയിലെ ആദ്യ ചിത്രം 1955-ലെ ശ്രീ സത്യജിത്ത് റേ സംവിധാനം ചെയ്ത പഥേർ പാഞ്ചലിയായിരുന്നു. 1961-ൽ 'കണ്ടം ബച്ചകോട്ട്' എന്ന കളർ ചിത്രം മലയാളത്തിലിറങ്ങി.

പിന്നീട് മലയാളത്തിൽ നിരവധി മികച്ച സിനിമകളുണ്ടായി. ദേശീയ പുരസ്ക്കാരം നേടിയ സംവിധായകരും നടീനടന്മാരും ഒക്കെ ഉണ്ടായി. ശ്രീ. അടൂർ ഗോപാലകൃഷ്ണൻ, അരവിന്ദൻ, ഷാജി എൻ. കരുൺ, കെ.ജി. ജോർജ്ജ് തുടങ്ങിയവർ ലോകശ്രദ്ധ പിടിച്ചുപറ്റിയ സംവിധായകരാണ്.

ഇന്ന് ഏറ്റവും മികച്ച സാങ്കേതിക വിദ്യയുപയോഗിച്ചാണ് സിനിമ നിർമ്മിക്കുന്നതും പ്രദർശിപ്പിക്കുന്നതും. കുട്ടികൾക്കായുള്ള മികച്ച സിനിമകൾ ലോകമാകെ നിർമ്മിക്കപ്പെടുന്നുണ്ട്.

### സിനിമ കൊണ്ടെന്തു പ്രയോജനം?

1. നല്ലൊരു സിനിമ ജീവിതത്തെ മാറ്റി തീർക്കുന്നു. ലൈഫ് ഈസ് ബ്യൂട്ടിഫുൾ (മലയാളം അല്ല), കളർ ഓഫ് പാരഡൈസും കണ്ടു കഴിഞ്ഞാൽ തെറ്റു ചെയ്യാൻ മടി തോന്നും.

2. പുതിയ കാഴ്ചശീലം നമുക്ക് സമ്മാനിക്കും.
3. വാക്കുകളും അനുഭവങ്ങളും നമ്മുടെ ജീവിതത്തെ മുന്നോട്ട് ചലിപ്പിക്കും.
4. സർഗ്ഗാത്മകതയും പുതുമയുള്ള ചിന്തകളും ജനിപ്പിക്കും.
5. ഭാവനയും ആസ്വാദനശേഷിയും വളരും.
6. വിഷ്വൽ ഇന്റലിജൻസ് വളരും.
7. ഇമോഷണൽ ഇന്റലിജൻസ് വളർത്തും.
8. സാമൂഹ്യബോധം സൃഷ്ടിക്കും.

Poem

# I Wish Were



I wish I were an artist
Painting all pictures through
I wish I were a dancer
Dancing all days through
I wish I were a pilot
Flying all skies through
I wish I were an engineer
Building all roads through
But I know only too well
That no one can become all.

Sharvani H

# ജിമിക്കി കുരങ്ങൻ

ആശയം
റെജി മലയാലപ്പുഴ

എഴുത്ത്– വര
ദേവസി




ഇതൊക്കെപ്പറയാൻ
നീയാരാ? ഈ ചിക്കനോട്
കളിച്ചാൽ നീ വിവരമറിയും. ഹും.
ഒരു ഉപദേശിയിറങ്ങിയിരിക്കുന്നു.
രക്ഷിക്കണേ...
രക്ഷിക്കണേ...
അയ്യോ.....എന്നെ
രക്ഷിക്കണേ.....
എന്നെ രക്ഷിക്കണേ.
ഹി... ഹി...ഹി..നിന്നെ
രക്ഷിക്കാൻതന്നെയാ നിന്റെ
പിറകെ വച്ചുപിടിപ്പിക്കുന്നത്.
നീയൊന്നു നിന്നു തന്നാമതി.
അഹങ്കാരി! നിന്റെ
വിളച്ചിൽ ഇന്നത്തോടെ ഞാൻ
അവസാനിപ്പിക്കുന്നുണ്ട്.
ഇതു പറഞ്ഞിട്ട്
ജിമിക്കി കുരങ്ങൻ തന്റെ
കമ്മൽ കിലുക്കി.


പെട്ടെന്ന് ചിക്കൻ കടുവയുടെ മുൻപിൽ ഒരു വലിയ കുഴി രൂപപ്പെട്ടു.
ഓടിവന്ന ചിക്കൻ കടുവ ആ കുഴിയിൽ വീണു.
ആ..ആ.... അയ്യോ ഞാൻ കുഴിയിൽ വീണേ..
വൂ..ഷ്...ഷ്


ഓടിക്കൊണ്ടിരുന്ന ജിണ്ടൻ മുയൽ ഒരു കരച്ചിൽ കേട്ട് തിരിഞ്ഞു നോക്കി.
ഹാവൂ, ആശ്വാസമായി ചിക്കൻ ഏതോ കുഴിയിൽ വീണിരിക്കുന്നു.
ശ്ശെടാ..... ഇത്രയും നേരം അങ്ങനെയൊരു കുഴി അവിടെ ഉണ്ടായിരുന്നില്ലല്ലോ.


കുറച്ചുകഴിഞ്ഞപ്പോൾ
ഹായ്, ജിമിക്കി ചേട്ടൻ. എനിക്കു മനസ്സിലായി, ഇത് ചേട്ടന്റെ വേലയായിരുന്നല്ലേ. എന്റെ ജീവൻ രക്ഷിച്ചതിന് ഒത്തിരി നന്ദി.
ഓ അതിന്റെയൊന്നും ആവശ്യമില്ല ജിണ്ടാ. ഇത് എന്റെ കടമയാണ്.

# സ്നേഹപൂർവ്വം ജ്ഞാനദീപത്തിന്...



**ഡോ. എം.ആർ. തമ്പാൻ**
**മുൻ ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**


കുട്ടികളുടെ സർഗവാസന വളർത്തുന്ന നല്ല കാര്യങ്ങൾ പകർന്നു നൽകി അവരെ നേർവഴിക്കു നയിക്കുന്ന ബാലസാഹിത്യ ത്രൈമാസികയാണ് 'ജ്ഞാനദീപം. വർത്തമാനകാലത്തിന്റെ മൂല്യച്യുതിയുടെ ഇരുട്ടിൽ നവജീവൻ പ്രൊവിൻഷ്യൽ ആശ്രമം കൊളുത്തിയ അറിവിന്റെ ദീപമാണ് ഈ ത്രൈമാസിക.

ഈശ്വരവിശ്വാസം, സ്നേഹം, ഇച്ഛാശക്തി, നിരീക്ഷണപാടവം, ഗുരുഭക്തി, ആത്മവിശ്വാസം എന്നീ ഗുണങ്ങൾ പ്രദാനം ചെയ്യുന്നതാണ് ഇതിലെ കഥകളും മുഖാമുഖവും ഉൾപ്പെടെയുള്ള എല്ലാ വിഭാഗങ്ങളും. വിശ്വസാഹിത്യകാരനായ ദസ്തയേവ്സ്കിയെപ്പോലെ ദൈവത്തിന്റെ കയ്യൊപ്പ് ഹൃദയത്തിലുള്ള പ്രശസ്ത നോവലിസ്റ്റാണ് പെരുമ്പടവം ശ്രീധരൻ. അദ്ദേഹവുമായി ക്രൈസ്റ്റ് നഗർ സ്കൂളിലെ കുട്ടികൾ നടത്തിയ അഭിമുഖം മറ്റൊരു സങ്കീർത്തനമായി. ജീവിതാനുഭവങ്ങളും സ്വപ്നംകാണാനുള്ള കഴിവുമാണ് ഒരു എഴുത്തുകാരനാവാൻ അനിവാര്യമായും വേണ്ടതെന്ന് കുട്ടികളെ പെരുമ്പടവം പഠിപ്പിക്കുന്നു. കുട്ടികളുടെ നിലവാരത്തിലുള്ള ചോദ്യങ്ങളും ഉത്തരങ്ങളും ആണ് ഈ അഭിമുഖത്തിലുള്ളത്.

കഴിഞ്ഞ ലക്കം പ്രശസ്ത ശാസ്ത്രജ്ഞനായ ഐൻസ്റ്റീന്റെ വിദ്യാഭ്യാസകാലത്തെ അവലംബമാക്കി ഒരു പോസിറ്റീവ് കഥ, മഹാപ്രളയത്തെ പ്രമേയമാക്കി ദേവസി തയ്യാറാക്കിയ കാലിക പ്രസക്തിയുള്ള ചിത്രകഥ "പങ്കുവയ്ക്കലാണ് സ്നേഹം" എന്ന സന്ദേശം നൽകുന്നു. ത്രൈമാസികയുടെ എഡിറ്റർ ഉണ്ണി അമ്മയമ്പലം നൽകുന്ന മാർഗനിർദ്ദേശങ്ങൾ വിദ്യാർത്ഥികളെ പരീക്ഷയ്ക്കു സജ്ജരാക്കാൻ സഹായിക്കുന്നുണ്ട്.

ജ്ഞാനദീപത്തിന്റെ എഡിറ്റർ പ്രൂഫ് റീഡിങ്ങ് കാര്യക്ഷമമായി നിർവ്വഹിച്ചിട്ടുണ്ട്. കുട്ടികൾക്ക് മനസ്സിലാകുന്ന ലളിതമായ ഭാഷാശൈലി, അവരുടെ ഭാവനക്കനുസരണമായ ചിത്രങ്ങൾ, ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ലേഖനങ്ങളിലെ ഗുണപാഠങ്ങൾ തുടങ്ങിയവയാണ് ജ്ഞാനദീപത്തിന്റെ സവിശേഷതകൾ.

# The Discerning Boy



A man with his donkey carrying a big sack of wheat was on his way to the market.

After a little while he was tired and they rested under a tree. When he woke up from his nap he could not see the donkey and started searching for the donkey everywhere.

On the way he met a boy. He asked the boy, “Have you seen my donkey?”

The boy asked, “Is the donkey’s

left eye blind, his right foot lame and is he carrying a load of wheat?"

The man was happy and said, "Yes, exactly! Where have you seen it?"

The boy answered, "I haven't seen it."

This made the man very angry and he took the boy to the village chief for punishment.

The judge asked, "Dear boy, If you had not seen the donkey, how could you describe it?"

The boy answered, "I saw the tracks on the right were different from the tracks on the left. From this I understood that the donkey that passed there was limping. And the grass on the right side of the road was eaten but the grass on the left was not. From that I understood that is left eye was blind. There were wheat seeds scattered on the ground and I understood that he must have been carrying a load of wheat."

The judge understood the boy's cleverness and asked the man to use his own discernment to find out the donkey.

# പൂപോലെ പൂമ്പാറ്റ

പലനിറമുള്ളൊരു പൂമ്പാറ്റ
കാണാനെത്ര മനോഹരം
പറന്നുപോകും പൂമ്പാറ്റ
പൂവുകണക്കൊരു പൂമ്പാറ്റ

ജാനകി



# Confusing Words

| | | |
|---|---|---|
| **ABUSE** | : | Wrong use/Bad treatment.<br>Child abuse is increasing day by day in our society. |
| **MISUSE** | : | Incorrect use.<br>Those who misuse their freedom do not know the value of freedom. |
| **ACCEPT** | : | Take/Receive/ Agree/Admit, She will accept this attractive offer. |
| **EXCEPT** | : | Excluding/But.<br>All were present except Raju in the meeting. |
| **ACCESS** | : | Approach/Entry/reach.<br>Only his secretary has access to his private files. |
| **EXCESS** | : | More in amount or degree.<br>Excess of even good things is bad. |
| **ACTUALLY** | : | In fact/ As a matter of fact/Really.<br>Actually, they are not married. |
| **VIRTUALLY** | : | Almost/Wholly/ Mostly.<br>He virtually admitted he was guilty.. |
| **ACCIDENT** | : | Unfortunate or unexpected happening/by chance.<br>He met me at the function by accident. |
| **INCIDENT** | : | Event/Occurrence.<br>His bad behaviour was just an isolated incident. |
| **ADAPT** | : | To alter or adjust suitably.<br>We have to adapt quickly to the new system. |
| **ADEPT** | : | Highly skilled/Clever/Expert.<br>He is adept at coaching budding talents. |
| **ADOPT** | : | To accept.<br>Some overseas Indians have adopted the western lifestyle. |



# ദൈവകൃപയുടെ കുട

1882 സെപ്തംബർ 21-ാം തീയതി മാവേലിക്കരയിലെ പണിക്കരു വീട്ടിൽ കുടുംബത്തിലായിരുന്നു മാർ ഈവാനിയോസ് പിതാവിന്റെ ജനനം. കുട്ടിക്കാലത്ത് കൊച്ചു കീവറീച്ചൻ എന്ന ഓമനപ്പേരിലാണ് മാർ ഈവാനിയോസ് പിതാവ് അറിയപ്പെട്ടിരുന്നത്. കൊച്ചു കീവറീച്ചന്റെ ജീവിതത്തിൽ ബൈബിൾ വചനം ദൈവ കൃപയുടെ കുട പോലെ പരിപാലനയുടെ തണൽ നൽകുകയും അറിവും നിറവും നിറച്ച് ഹൃദയത്തെ ആനന്ദഭരിതമാക്കുകയും ചെയ്തു.

ഏതായിരുന്നു ആ ബൈബിൾ വചനം?

**"പൈതൽ വളർന്നു ആത്മാവിൽ ബലപ്പെട്ടു. ജ്ഞാനം കൊണ്ടു നിറഞ്ഞു. ദൈവകൃപയും അവന്റെ മേൽ ഉണ്ടായിരുന്നു."** (ലൂക്കോ. 2:52)

ഈശോയുടെ ബാല്യം വ്യക്തമാക്കുന്ന ഈ വചന ഭാഗമാണ് കൊച്ചു കീവറീച്ചന്റെ ജീവിതവുമായി ചേർന്നുപോകുന്നത്.

മാവേലിക്കരയിൽ പുതിയകാവു പള്ളിയോടു ചേർന്നാണ് ദാവീദാശാന്റെ കുടിപ്പള്ളിക്കൂടം. അഞ്ചാമത്തെ വയസ്സിൽ കീവറീച്ചനെ അവിടെ എഴുത്തിനിരുത്തി.

ദാവീദാശാൻ പറഞ്ഞുകൊടുത്തിരുന്ന കുഞ്ഞ്കുഞ്ഞ് അറിവുകൾ പിന്നീടൊരിക്കലും മറന്നുപോകാത്ത വിധത്തിൽ ഹൃദയത്തിൽ സൂക്ഷിച്ചുവക്കാൻ ഒരു പ്രത്യേക കഴിവുതന്നെ കൊച്ചുകീവറീച്ചനുണ്ടായിരുന്നു.

ഇത്തരത്തിൽ മറ്റു കുട്ടികൾക്കില്ലാത്ത താൽപ്പര്യവും സാമർത്ഥ്യവും കൊച്ചുകീവറീച്ചനിൽ പ്രകടമായതിനാൽ, ഈ കുഞ്ഞ് ഭാവിയിൽ ഒരു മഹാനായി മാറുമെന്ന് ദാവീദാശാൻ പ്രവചിച്ചു.

നിലത്തെഴുത്തിൽ തുടങ്ങി അക്ഷരങ്ങൾ കൂട്ടിച്ചേർത്തു വായിക്കുന്നതുവരെയുള്ള വിദ്യാഭ്യാസം ദാവീദാശാന്റെ കുടിപ്പള്ളിക്കൂടത്തിൽ നിന്നാണ് ലഭിച്ചത്. 12 വയസ്സുവരെ സ്വന്തം വീട്ടിൽ താമസിക്കുകയും പാഠശാലയിൽ പോയി വരികയും ചെയ്തു.

മറ്റു കുട്ടികൾക്കില്ലാതിരുന്ന ചില സ്വഭാവ സവിശേഷതകൾ കുട്ടിക്കാലത്ത് കീവറീച്ചനിൽ കണ്ടിരുന്നു. അതിലേറ്റവും പ്രധാനം പ്രാർത്ഥനയും ദൈവാശ്രയവുമായിരുന്നു.

- ദൈവാലയത്തിൽ പോകുന്ന കീവറീച്ചൻ. പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്ന കീവറീച്ചൻ.
- വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നതിന് അതിയായ താൽപ്പര്യം പ്രകടമാക്കുന്ന കൊച്ചു കീവറീച്ചൻ. ഇക്കാരണത്താൽ ഏവരുടേയും സ്നേഹവും വാത്സല്യവും ആവോളം സ്വീകരിക്കുവാൻ ആ ബാലനു സാധിച്ചു.

വീട്ടിൽ നിന്ന് രാവിലെ സ്കൂളിലേക്കു പോകും. അവിടെ നിന്നു വൈകിട്ട് വീട്ടിലേക്കു മടങ്ങും. ഇതായിരുന്നു ദിനചര്യ. എന്നാൽ ആ ദിനചര്യക്ക് എടുത്തു പറയത്തക്ക മറ്റൊരു പ്രത്യേകത കൂടിയുണ്ട്. എന്താണത്?

രാവിലെ സ്കൂളിലേക്കു പോകുമ്പോൾ പുതിയകാവ് ദൈവാലയത്തിൽ കയറി കുറച്ചു സമയം പ്രാർത്ഥനയിൽ മുഴുകും. വൈകിട്ട് സ്കൂളീന്നു മടങ്ങിപ്പോരുമ്പോഴും ദൈവാലയത്തിൽ കയറികുറച്ചുനേരം പ്രാർത്ഥിക്കും.

ഭക്ഷണം കഴിക്കുന്നതിനു മുമ്പും കഴിച്ചതിനു ശേഷവും കുരിശു വരച്ചുള്ള പ്രാർത്ഥന വളരെ ചെറുപ്പം മുതൽ തന്നെ കീവറീച്ചൻ പതിവാക്കിയിരുന്നു.

- പ്രാർത്ഥനയിലുള്ള ഉറച്ചവിശ്വാസം. വൈദികരോടുള്ള അകമഴിഞ്ഞ സ്നേഹം. പള്ളിയോടും ദൈവിക കാര്യങ്ങളോടുമുള്ള പ്രത്യേക താൽപ്പര്യം. ഇതെല്ലാം കുട്ടിക്കാലത്തു തന്നെ കീവറീച്ചനിൽ പ്രകടമായ ദൈവിക സ്വഭാവ സവിശേഷതകളാണ്.

ഒരിക്കൽ ജ്വരം ബാധിച്ച് കീവറീച്ചൻ കിടപ്പിലായി. പരുമല മാർ ഗ്രിഗോറിയോസ് തിരുമേനി അടുത്തുള്ള ദൈവാലയത്തിൽ താമസിക്കുന്നുണ്ട്. കിടക്കപ്പായയിലേക്ക്, കീവറീച്ചന്റെ കാതുകളിലേക്ക് ഈ വാർത്തയെത്തി. അവന്റെ കൊച്ചു മനസ്സിൽ ഒരാഗ്രഹം മൊട്ടിട്ടു. രോഗക്കിടക്കയിൽ കിടന്നുകൊണ്ട് സ്വന്തം പിതാവിനോട് കൊച്ചു കീവറീ

ച്ചൻ പറഞ്ഞു.

'അപ്പച്ചാ എന്നെ പള്ളിയിലേക്ക് എടുത്തു കൊണ്ടു പോകണം. പരുമല തിരുമേനി എന്റെ തലയിൽ കൈവച്ചു പ്രാർത്ഥിക്കണം. എന്നാൽ എന്റെ സുഖക്കേട് ഭേദമാകും.'

കുട്ടിക്കു നിർബന്ധം; പരുമല തിരുമേനി പ്രാർത്ഥിക്കണം. ഉറപ്പാ; തിരുമേനി തലയിൽ കൈവച്ചു പ്രാർത്ഥിച്ചാൽ രോഗം ഭേദമാകും.

കൊച്ചു കീവറീച്ചന്റെ നിർബന്ധത്തിനു വഴങ്ങി തോമാപ്പണിക്കർ അവനെ എടുത്ത് ദൈവാലയത്തിലേക്കു കൊണ്ടുപോയി. മകന്റെ വാശിയും തിരുമേനി പ്രാർത്ഥിച്ചാൽ രോഗം ഭേദമാകുമെന്ന കുട്ടിയുടെ വിശ്വാസവും തോമാപ്പണിക്കർ പരുമല തിരുമേനിയെ അറിയിച്ചു.

പ്രാർത്ഥനയിൽ കുട്ടിക്കുണ്ടായിരുന്ന വിശ്വാസ ബോധ്യം മനസ്സിലാക്കിയ തിരുമേനി ഉള്ളുകൊണ്ടു സന്തോഷിച്ചു. അദ്ദേഹം കൊച്ചു കീവറീച്ചനെ അനുഗ്രഹിച്ചു. ഇത്തരം സ്വഭാവം ദൈവാനുഗ്രഹമാണെന്നും വളരെ പ്രത്യേകതകളുള്ള ഒരു കുട്ടിയാണ് കൊച്ചു കീവറീച്ചനെന്നുമൊക്കെ പറഞ്ഞ് വാത്സല്യത്തിന്റെ നല്ല വാക്കുകൾ കൊണ്ട് തിരുമേനി ബാലനെ പുകഴ്ത്തി.

തിരുമേനി തന്റെ ശിരസ്സിൽ കൈകൾ ചേർത്തു പ്രാർത്ഥിച്ചപ്പോൾ തനിക്കുണ്ടായ സ്വർഗീയ അനുഭവം ദൈവകൃപയുടെ തലോടലായിരുന്നുവെന്ന് കൊച്ചു കീവറീച്ചന് ബോധ്യപ്പെട്ടു. പ്രാർത്ഥന കഴിഞ്ഞ് വീട്ടിൽ വന്ന് കിടക്കപ്പായയിൽ വിശ്രമിച്ച കീവറീച്ചന്റെ മനസ്സിലേക്ക് തിരുമേനിയുടെ വാക്കുകളും പ്രാർത്ഥനയുമെല്ലാം പലതവണ കടന്നുവന്നു. താമസിയാതെ അവന്റെ രോഗം ഭേദപ്പെട്ടു.



# Pencil and Eraser




Pencil : I'm Sorry.
Eraser : For What? You didn't do anything wrong.
Pencil : I'm sorry because you get hurt because of me.
Whenever I make a mistake, you're always there to erase it.
But as you make my mistakes
Vanish, you lose a part of yourself.
You get smaller and smaller each time.
Eraser : That's true. But I don't really mind. You see, I was made to do this.
I was made to help you whenever you do something wrong.
Even though one day, I know I'll be gone and you'll replace me
with new one, I'm actually happy with my job. So please,
stop worrying. I hate seeing you sad.

# ദൈവത്തെ കണ്ടെത്താൻ

## സെൻ കഥ

ഒരു ദൈവാന്വേഷി സെൻ ഗുരുവിന്റെ അടുത്തെത്തി. അദ്ദേഹം ഗുരുവിനോട് പറഞ്ഞു: "ദൈവത്തെ അന്വേഷിച്ച് ഞാൻ അലയാത്ത സ്ഥലങ്ങളില്ല. പക്ഷേ ഇന്നേ വരെ ദൈവത്തെ കണ്ടെത്താൻ എനിക്കു സാധിച്ചിട്ടില്ല. ദൈവത്തെ കണ്ടെത്താനുള്ള വഴി എനിക്കു പറഞ്ഞുതരണം." ഗുരു പറഞ്ഞു: "ഇപ്പോൾ തന്നെ വീട്ടിലേക്ക് പോവുക. ദൈവത്തെ അവിടെ കണ്ടെത്താം."



അന്വേഷകൻ അപ്പോൾതന്നെ വീട്ടിലേക്കു തിരിച്ചു. നേരം വളരെ ഇരുട്ടിയപ്പോൾ അദ്ദേഹം വീട്ടിലെത്തി. ഉമ്മറപ്പടിയിൽ ഒരു റാന്തൽ വിളക്ക് പിടിച്ച് ഒട്ടും പരിഭവ മില്ലാതെ അദ്ദേഹത്തിന്റെ അമ്മ മകനെയും കാത്തുനിൽക്കുന്നു. ആ നിമിഷം 'ദൈവം അവിടെ ഉണ്ടാകുമെന്ന് ഗുരു പറഞ്ഞതിന്റെ പൊരുൾ അദ്ദേഹത്തിനു മനസ്സിലായി.

**മാതാ, പിതാ, ഗുരു ദൈവം എന്നാണ് നമ്മുടെ സംസ്കാരം നമ്മെ പഠിപ്പിക്കുന്നത്. ഇതു മനസ്സിലാക്കി വേണം നാം ജീവിക്കേണ്ടത്.**

# ANSWERS

## MAGIC MATHS



**Ans : 1** Delete the last digit from the number he tells you. Then subtract one from the remaining number.


**Ans : 2** 382

## What's the good word?

**Ans :**


1) Care; acre; race
2) Live; vile; evil
3) Smile; slime; miles
4) Name; mane; amen
5) Glean; angle; angel
6) Plate; leapt; petal
7) Stare; rates; tears

## Try it



**Ans 1 :** 1) Hockey 2) Archery 3) Basketball 4) Wrestling 5) Baseball

**Ans 2 :** As long as their food contains some water, kangaroos can go without drinking for months.



### അത്ഭുതപ്രതിഭ

എത്ര പഠിപ്പിച്ചാലും പാഠങ്ങൾ തലയിൽ കയറാത്ത ആ കുട്ടിയെ അധ്യാപകർ 'മണ്ടൻ' എന്നു വിളിച്ചു എന്നാണ്. 16-ാം വയസ്സിൽ അവൻ അപേക്ഷികതാസിദ്ധാന്തത്തിന്റെ അടിസ്ഥാന വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു ലേഖനമെഴുതി. ആരാണെന്നോ ആ പ്രതിഭ? **ആൽബർട്ട് ഐൻസ്റ്റീൻ!**


ആന്റപ്പൻ
എഴുത്ത്, വര:
ദേവസി
പപ്പ എനിക്ക് സൈക്കിൾ വാങ്ങിത്തരാമെന്ന് പറഞ്ഞിരുന്നു.
നല്ല മാർക്ക് വാങ്ങി പാസ്സാകണെങ്കിൽ, എന്നുകൂടി പറഞ്ഞിരുന്നു! ഇനിയെങ്കിലും നന്നായി പഠിക്കണമെന്ന വിചാരമുണ്ടോ നിനക്ക് ?
ഉണ്ട് പപ്പാ.
ഞാൻ നന്നായി സൈക്കിൾ ചവിട്ടാൻ പഠിച്ചു കൊണ്ടിരിക്കയാണ്.
ങേ !




**താഴെപ്പറയുന്ന പുസ്തകങ്ങളുടെ രചയിതാക്കളാര്?**

1. രണ്ടാമൂഴം
2. ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!
3. നീർമാതളം പൂത്തകാലം
4. വായിച്ചാലും വായിച്ചാലും തീരാത്ത പുസ്തകം
5. ഐതിഹ്യമാല
6. ഖസാക്കിന്റെ ഇതിഹാസം
7. ശ്രീനാരായണഗുരു രചിച്ച ഏത് കൃതിയാണ് 100 ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്യുന്നത്?
8. ഒ.എൻ.വി കുറുപ്പിന്റെ ആത്മകഥ?
9. കേരള ഗ്രന്ഥശാല സംഘത്തിന്റെ പിതാവ്?



**ഉത്തരങ്ങൾ:**

1. എം.ടി വാസുദേവൻ നായർ
2. വൈക്കം മുഹമ്മദ് ബഷീർ
3. മാധവിക്കുട്ടി
4. പ്രൊഫ.എസ്. ശിവദാസ്
5. കൊട്ടാരത്തിൽ ശങ്കുണ്ണി
6. ഒ.വി. വിജയൻ
7. ദൈവദശകം
8. പോക്കുവെയിൽ മണ്ണിലെഴുതിയത്
9. പി.എൻ. പണിക്കർ

**ജീവിക്കുന്ന സ്ഥലത്തിൽ അഭിമാനംകൊള്ളുന്ന ആളെയാണ് എനിക്കിഷ്ടം. അങ്ങനെയാകുമ്പോൾ, അയാൾ അവിടെ ജീവിച്ചതിൽ ആ സ്ഥലവും സ്ഥലവാസികളും അഭിമാനമുള്ളവരായിരിക്കും**

***എബ്രഹാം ലിങ്കൺ***





## ചെറുശ്ശേരി




15-ാം നൂറ്റാണ്ടിലെ മലയാള മഹാകവി. പ്രാചീന കവിത്രയത്തിൽ ഒരാൾ. കോലത്തുനാട് ഭരിച്ചിരുന്ന ഉദയവർമന്റെ ആശ്രിതൻ ആയിരുന്നു എന്ന് കരുതപ്പെടുന്നു. 'കൃഷ്ണഗാഥ' എന്ന ഏക കൃതി കൊണ്ട് അനശ്വരനായി.

## എഴുത്തച്ഛൻ



പ്രാചീന കവിത്രയത്തിൽ ഉൾപ്പെടുന്ന തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ മലയാള ഭാഷയുടെ പിതാവായി അറിയപ്പെടുന്നു. രാമായണം കിളിപ്പാട്ട്, ഭാരതം കിളിപ്പാട്ട്, ചിന്താരത്നം, ദേവീമാഹാത്മ്യം തുടങ്ങിയവ പ്രധാന കൃതികൾ.

## കുഞ്ചൻ നമ്പ്യാർ



പ്രാചീന കവിത്രയത്തിൽ ഒരാളായ കുഞ്ചൻ നമ്പ്യാർ 1705-ൽ ജനിച്ചു എന്നാണ് വിശ്വാസം. തുള്ളൽ പ്രസ്ഥാനം ആരംഭിച്ച ഇദ്ദേഹം കല്യാണസൗഗന്ധികം, ഘോഷയാത്ര തുടങ്ങിയ നൂറോളം തുള്ളൽ കൃതികളും ആട്ടക്കഥ പോലുള്ള മറ്റു കൃതികളും രചിച്ചു.